STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010

0471 2318188
info.pol@kerala.gov.in
statepolicemediacentre

No.419/PR/SPMC/PHQ/2021 Date :17.09.2021

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം
## എല്ലാ സ്കൂളുകളിലേക്കും വ്യാപിപ്പിക്കും: മുഖ്യമന്ത്രി

സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലേയ്ക്കും വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പദ്ധതി 165 സ്കൂളുകളിൽ കൂടി വ്യാപിപ്പിക്കുന്നതിന്റെ ഉദ്ഘാടനം ഓൺലൈനിൽ നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം.

ഇതോടെ സംസ്ഥാനത്തെ 968 സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി പ്രാവർത്തികമായതായി മുഖ്യമന്ത്രി അറിയിച്ചു. പടിപടിയായി എല്ലാ സ്കൂളുകളിലേയ്ക്കും പദ്ധതി വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. 2010 ൽ 100 സ്കൂളുകളിൽ ആദ്യമായി ആരംഭിച്ച പദ്ധതി ഇപ്പോൾ 1000 സ്കൂളുകളിലേക്ക് വ്യാപിപ്പിച്ചത് വൻ നേട്ടമാണെന്ന് അദ്ദേഹം പറഞ്ഞു. കേരളത്തിന്റെ സാമൂഹിക, വിദ്യാഭ്യാസ മേഖലകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് നൽകുന്ന സംഭാവനകളെ മുഖ്യമന്ത്രി പ്രകീർത്തിച്ചു. കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ വഹിക്കുന്ന പങ്ക് പ്രശംസനീയമാണെന്ന് അദ്ദേഹം പറഞ്ഞു.

വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി അധ്യക്ഷത വഹിച്ച ചടങ്ങിൽ ചീഫ് സെക്രട്ടറി ഡോ.വി.പി.ജോയ്, സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത്, പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം മൊഹമ്മദ് ഹനീഷ്, എ.ഡി.ജി.പി മനോജ് എബ്രഹാം, ഐ.ജി പി.വിജയൻ, പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ കെ.ജീവൻ ബാബു, എക്സൈസ് വിജിലൻസ് എസ്.പി കെ.മുഹമ്മദ് ഷാഫി എന്നിവർ പങ്കെടുത്തു.

*************************